പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3232 — 16.12.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.ശിവദാസൻനായർ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.ടി.എൻ.പ്രതാപൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി അനുസരിച്ച് ഭൗതിക നേട്ടങ്ങൾ കൈവരിക്കാൻ കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

പദ്ധതിയിൽ കൈവരിക്കാനുദ്ദേശിക്കുന്ന ഉദ്ദേശലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് തൊഴിലാവശ്യപ്പെടുന്ന കുടുംബങ്ങൾക്ക് ആവശ്യാധിഷ്ഠിതമായി 100 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുക. പട്ടികജാതി/പട്ടികവർഗ്ഗം/മത്സ്യതൊഴിലാളി, മറ്റ് ദുർബ്ബല ജനവിഭാഗങ്ങളെ പൂർണ്ണമായും പദ്ധതിയിൽ ഉൾച്ചേർക്കുക.
2. ദുർബ്ബല ജനവിഭാഗങ്ങളുടെ വിഭവാടിത്തറ ശക്തിപ്പെടുത്തുന്നതിലേക്കായി വിവിധ പദ്ധതികൾ സമന്വയിപ്പിച്ചുകൊണ്ട് ഉപജീവനാസ്തികളും സാമൂഹ്യ ആസ്തികളും സൃഷ്ടിക്കുക
3. മെറ്റീരിയൽ ഘടകം പൂർണ്ണമായും പ്രയോജനപ്പെടുത്തി ഗ്രാമപഞ്ചായത്തുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
4. പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏറ്റെടുക്കുകവഴി മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവ സംരക്ഷിച്ചുകൊണ്ട് കാർഷിക/ അനുബന്ധ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും പരിസ്ഥിതി തകർച്ച തടയുകയും ചെയ്യുക.

അനുബന്ധം - 2

സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയിലൂടെ ഭൗതിക നേട്ടങ്ങൾ കൈവരിക്കുന്നതിനും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ചുവടെപ്പറയുന്ന നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

1. പദ്ധതിയുമായി ബന്ധപ്പെട്ട മാർഗ്ഗരേഖകൾ, കൈപ്പുസ്തകങ്ങൾ, ഫിലിമുകൾ എന്നിവ തയ്യാറാക്കി നൽകുകയും പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.
2. ദുർബ്ബല ജനവിഭാഗങ്ങളെ പദ്ധതിയിൽ പൂർണ്ണമായും ഉൾപ്പെടുത്തി തൊഴിൽ നൽകുന്നതിനും ഉപജീവനാസ്തികളും സാമൂഹികാസ്തികളും സൃഷ്ടിക്കുന്നതിലേക്കായി 22 ബ്ലോക്കുകളിൽ കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചുള്ള പങ്കാളിത്ത ആസൂത്രണ പ്രക്രിയയിലൂടെയും മറ്റ് ബ്ലോക്കുകളിൽ സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള ലേബർ ബഡ്ജറ്റും വാർഷിക കർമ്മ പദ്ധതിയും തയ്യാറാക്കുന്ന അടിസ്ഥാനത്തിലും വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും പ്രവർത്തനങ്ങൾ ഏറ്റെടുത്തു വരുകയും ചെയ്യുന്നു.
3. സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും പട്ടികജാതി/പട്ടികവർഗ്ഗ/മത്സ്യ തൊഴിലാളി/മറ്റ് ദുർബ്ബല ജനവിഭാഗങ്ങളിലെ കുടുംബങ്ങൾക്കും അവരുടെ സങ്കേതങ്ങൾക്കും പ്രത്യേക പരിഗണന നൽകി പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് 'ശ്രദ്ധ' എന്ന പേരിൽ കാമ്പയിൻ 2015-16 മുതൽ സംഘടിപ്പിച്ചു വരുന്നു.
4. തൊഴിലുറപ്പ് പദ്ധതിയിൽ ഈടുറ്റ ആസ്തികൾ സൃഷ്ടിക്കുന്നതിന് സഹായകമായ സാധന സാമഗ്രികളുടെ വാങ്ങൽ, സംഭരണം, വിനിയോഗം എന്നിവ സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ബന്ധപ്പെട്ടവർക്ക് ബോധവൽക്കരണവും പരിശീലനങ്ങളും സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.
5. കൂലി വിതരണത്തിൽ കാലതാമസം ഒഴിവാക്കുന്നതിലേക്കായി സംസ്ഥാന തൊഴിലുറപ്പ് നിധിയിൽ നിന്നും നേരിട്ട് തൊഴിലാളികളുടെ അക്കൗണ്ടുകളിലേക്ക് വേതനം വിതരണം ചെയ്യുന്നതിനായി ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കി. 2016 ജനുവരി മുതൽ നാഷണൽ ഇ-എഫ്.എം.എസ് സംവിധാനം നടപ്പിലാക്കുന്ന രാജ്യത്തെ ആദ്യത്തെ സംസ്ഥാനമായി മാറുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തി വരുന്നു. അതോടൊപ്പം വേതന വിതരണത്തിൽ കാലതാമസം വരുത്തിയാൽ കാലതാമസം വരുന്ന ഓരോ ദിവസവും 0.05% നിരക്കിൽ നഷ്ടപരിഹാരം നൽകുന്നതിനും ബന്ധപ്പെട്ടവർക്ക് ഉത്തരവാദിത്വ നിശ്ചയം നടത്തി സർക്കാർ വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.
6. ചെയ്ത പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തുന്നതിനും അത് ചെക്ക് മെഷർ ചെയ്യുന്നതിനും ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് വാല്യുവേഷൻ ബേയ്സ്ഡ് പേയ്മെന്റ് സമ്പ്രദായം നടപ്പിൽ വരുത്തി.
7. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മറ്റ് വികസന വകുപ്പുകളുമായി കഴിയുന്നത്ര സംയോജിപ്പിച്ച് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
8. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഇലക്ട്രോണിക്കായി തയ്യാറാക്കുന്നതിനും സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനും എൻ.ഐ.സി-യുടെ സഹായത്താൽ സോഫ്റ്റ്‌വെയർ രൂപീകരിക്കുകയും തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്തിട്ടുണ്ട്.
9. പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ജില്ലകളിൽ ക്വാളിറ്റി മോണിറ്റർമാരെ നിയമിച്ചു.
10. പദ്ധതി പരിപാലനം കാര്യക്ഷമവും സുതാര്യവുമാക്കാൻ ജില്ലകളിൽ ഓംബുഡ്സ്മാൻമാരെ നിയമിച്ചിട്ടുണ്ട്.
11. പദ്ധതിയുടെ നിർവ്വഹണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി മതിയായ എഞ്ചിനീയറിംഗ് സ്റ്റാഫിനെയും അക്കൗണ്ടന്റ് കം ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരെയും നിയമിക്കാൻ അനുമതി നൽകിയിട്ടുണ്ട്.